'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- ലൈഫ് മിഷൻ പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നും എടുത്ത വായ്പയുടെ പലിശ സബ്സിഡിയ്ക്കായി കെ.യു.ആർ.ഡി.എഫ്.സിയുടെ അക്കൗണ്ടുകളിലേയ്ക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.2614/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/11/2019

പരാമർശം:-1 സ.ഉ (എംഎസ്) നം.111/2018/തസ്വഭവ തീയതി 13.08.2018

2 സ.ഉ (സാധാ) നം. 1021/2019/തസ്വഭവ തീയതി 22.05.2019

3 സ.ഉ (സാധാ) നം. 1812/2019/തസ്വഭവ തീയതി 22.08.2019

4 കെ.യു.ആർ.ഡി.എഫ്.സി, മാനേജിംഗ് ഡയറക്ടറുടെ 05.11.2019 ലെ കെ.യു.ആർ.ഡി.എഫ്.സി/എ2/289/2018(176) നമ്പർ കത്ത്.

<u>ഉത്തരവ്</u>

1. ലൈഫ് മിഷൻ പദ്ധതിയ്ക്ക് വേണ്ടി 4000 കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പ എടുക്കുന്നതിന് പരാമർശം 1 പ്രകാരം കെ.യു.ആർ.ഡി.എഫ്.സിക്ക് അനുമതി നൽകി ഉത്തരവായിരുന്നു. ഇപ്രകാരം അനുവദിച്ച 4000 കോടി രൂപയുടെ വിതരണം ഗഡുക്കളായി നടന്നുവരികയാണെന്നും റൂറൽ സെക്ടറിന് അഞ്ചാം ഗഡുവായി 100 കോടി രൂപയും അർബൻ സെക്ടറിന് നാലാംഗഡുവായി ലൈഫ് മിഷൻ അപേക്ഷ പ്രകാരമുള്ള 25 കോടി രൂപയും യഥാക്രമം 25.10.2019 ലും 04.11.2019 ലും കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിൽ ലഭ്യമാക്കിയിരുന്നുവെന്നും ലൈഫ് മിഷനിൽ നിന്നും ലഭ്യമായ ഡിമാന്റ് അനുസരിച്ചുള്ള മുഴുവൻ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനകം വിതരണം നടത്തികഴിഞ്ഞുവെന്നും ഹഡ്കോയിൽ നിന്നും നാളിതുവരെയായി റൂറൽ സെക്ടറിന് 1600 കോടി രൂപയും അർബൻ സെക്ടറിന് 600 കോടി രൂപയുമാണ് കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുള്ളതെന്നും ഹഡ്കോ ഇതുവരെ നൽകിയിട്ടുള്ള മുഴുവൻ തുകയ്ക്കുമുള്ള പലിശ തിരിച്ചടവ് നവംബർ മാസം 30-നാണ് നടത്തേണ്ടതെന്നും ഹഡ്കോയുടെ ഡിമാന്റ് പ്രകാരം പലിശയിനത്തിൽ റൂറൽ സെക്ടറിന് 37,87,31,546/- രൂപയും അർബൻ സെക്ടറിന് 14,30,27,396/- രൂപയുമാണ് നൽകാനുള്ളതെന്നും ആയതിനാൽ 2515-00-102-30(P) എന്ന ശീർഷകത്തിൽ നിന്നും 37,87,31,546/- രൂപയും (മുപ്പത്തി ഏഴ് കോടി എൺപത്തിയേഴ് ലക്ഷത്തി മുപ്പത്തൊന്നായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിയാറ് രൂപ മാത്രം) 2217-80-800-62(P) എന്ന ശീഷകത്തിൽ നിന്നും 14,30,27,396/- രൂപയും (പതിനാല്

കോടി മുപ്പത് ലക്ഷത്തി ഇരുപത്തിയേഴായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയാറ് രൂപ മാത്രം) കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകണമെന്നും കേരള അർബൻ & റൂറൽ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്(കെ.യു.ആർ.ഡി.എഫ്.സി) മാനേജിംഗ് ഡയറക്ടർ പരാമർശം 4ലെ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2515-00-102-30(പി)Rural എന്ന ശീർഷകത്തിൽ നിന്നും 37,87,31,546/- രൂപയും (മുപ്പത്തിയേഴ് കോടി എൺപത്തിയേഴ് ലക്ഷത്തി മുപ്പത്തിയൊരായിരത്തി അഞ്ഞൂറ്റി നാൽപത്തിയാറ് രൂപ മാത്രം) 2217-80-800-62 (പി)Urban എന്ന ശീർഷകത്തിൽ നിന്നും 14,30,27,396/- രൂപയും (പതിനാല് കോടി മുപ്പത് ലക്ഷത്തി ഇരുപത്തിയേഴായിരത്തി മുന്നൂറ്റിതൊണ്ണൂറ്റിയാറ് രൂപ മാത്രം)ചേർത്ത് ആകെ 52,17,58,942/-രൂപ ( അൻപത്തിരണ്ട് കോടി പതിനേഴ് ലക്ഷത്തി അൻപത്തിയെണ്ണായിരത്തി തൊള്ളായിരത്തി നാൽപത്തിരണ്ട് രൂപ മാത്രം)പലിശയിനത്തിൽ ഹഡ്കോയ്ക്ക് നൽകുന്നതിനായി കെ.യു.ആർ.ഡി.എഫ്.സിയുടെ താഴെപ്പറയുന്ന അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകി ഉത്തരവാകുന്നു.

| | |
|---|---|
| Name of Beneficiary | Kerala Urban & Rural Development<br><br>Finance Corporation Ltd |
| Bank | State Bank of India |
| Branch | Vazhuthacaud |
| IFS Code | SBIN 0070033 |
| Account No.s for crediting the amount | |
| Account no. | Amount |
| 37920881126 (Rural out) | ` 37,87,31,546/- |
| 37922795767 (Urban out) | ` 14,30,27,396/- |
| Total | ` 52,17,58,942/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പകർപ്പ്

മാനേജിംഗ്, ഡയറക്ടർ കെ.യു.ആർ.ഡി.എഫ്.സി, വഴുതക്കാട്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

റീജിയണൽ ചീഫ്, ഹഡ്കോ, സാഫല്ല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) തിരുവനന്തപുരം

ധനകാര്യ വകുപ്പ് (12.11.2019ലെ ഡവ.-2/57/2019-ധന പ്രകാരം)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ